# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA PKD(9)/1845/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 25/01/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA PKD(9)/1845/21 തീയ്യതി: 25/01/2022

## പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-11-2020 മുതൽ 12-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 13-12-2021 | 28-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-12-2021 | 28-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നസ്സീർ .ടി.കെ ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുജാത .എ അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.താരീഖ്.എം.എസ് സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ലിക്സി അലക്സ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മുഹമ്മദ് ഇല്ല്യാസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.സോഫിയാമ്മ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| ശ്രീ.ജയദേവൻ | സെക്രട്ടറി | 25-04-2019 | 30-04-2019 |
| ശ്രീമതി.സോഫിയാമ്മ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-05-2019 | 21-07-2019 |
| ശ്രീ.അനിൽകുമാർ.എസ് | സെക്രട്ടറി | 22-07-2019 | 05-11-2019 |
| ശ്രീമതി.സോഫിയാമ്മ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-11-2019 | 19-11-2019 |
| ശ്രീ.അനിൽകുമാർ.എസ് | സെക്രട്ടറി | 20-11-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജൻ.എൻ.എ | അസി.എൻജിനിയർ | 01-04-2019 | 13-08-2019 |
| ശ്രീ.രഞ്ജിത്ത്.എൻ.പി | അസി.എൻജിനിയർ | 14-08-2019 | 16-02-2020 |
| ശ്രീ.രാജൻ.എൻ.എ | അസി.എൻജിനിയർ | 17-02-2020 | 31-03-2020 |
| ശ്രീമതി.തേജസ്സ് ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2019 | 10-01-2020 |
| ശ്രീമതി.ജെസ്സി.എ | കൃഷി ഓഫീസർ | 11-01-2020 | 31-03-2020 |
| ഡോ.ഗോപാലകൃഷ്ണൻ.എൻ.എ | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീ.അബ്ദുൾ റഹ്മാൻ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-05-2019 |
| ശ്രീമതി.വസന്തകുമാരി | ഹെഡ്മിസ്ട്രസ്സ് | 01-06-2019 | 31-03-2020 |
| ശ്രീമതി ആഷാ.എം.ആർ | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഷീജ.പി.ടി | വി.ഇ.ഒ | 01-04-2019 | 25-08-2019 |
| ശ്രീമതി.സജിത.എ.എസ് | വി.ഇ.ഒ | 26-08-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.നസ്രീൻ | Mo(Homeo) | 01-04-2019 | 31-03-2020 |
| ഡോ.അബ്ദു കല്ലടി | Mo(PHC) | 01-04-2019 | 31-03-2020 |
| ഡോ.ജോഷ്ന .പി.ടി | MO(ISM) | 01-04-2019 | 31-03-2020 |
| ശ്രീമതി.പ്രിയ.പി.ബി | ഡി.ഇ.ഒ | 01-04-2019 | 30-06-2019 |
| ശ്രീ.ജയകുമാർ.ആർ.ജി | ഡി.ഇ.ഒ | 01-07-2019 | 31-03-2020 |
| ശ്രീമതി.സോഫിയാമ്മ | അസി.സെക്രട്ടറി | 01-04-2019 | 07-01-2020 |
| ശ്രീമതി.മിനി.കെ | അസി.സെക്രട്ടറി | 08-01-2020 | 31-03-2020 |
| ശ്രീമതി.ഷമീന.ജെ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: T.K.Naseer (Audit Officer, On 19-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-01-2022) | 1-1 |
| 2 | ബജറ്റ് -യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്തത്<br>Written By: T.K.Naseer (Audit Officer, On 19-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-01-2022) | 1-1-1 |
| 3 | ബജറ്റ് - നോൺപ്ലാൻ എക്പെൻഡിച്ചറിന് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല<br>Written By: T.K.Naseer (Audit Officer, On 19-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-01-2022) | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രിക<br>Written By: Lixy Alex (Auditor, On 19-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 1-2 |
| 5 | വാർഷികകണക്ക് അപാകതകൾ<br>Written By: Lixy Alex (Auditor, On 19-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-01-2022) | 1-2-1 |
| 6 | സാമ്പത്തിക വിശകലനം<br>Written By: Lixy Alex (Auditor, On 19-12-2021)<br>Last Updated By: T.K.Naseer (Audit Officer, On 26-12-2021) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: T.K.Naseer (Audit Officer, On 19-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-01-2022) | 1-4 |
| 8 | സർക്കാർ ഗ്രാന്റ് - 1.42 കോടി ലാപ്സാക്കി<br>Written By: T.K.Naseer (Audit Officer, On 19-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-01-2022) | 1-4-1 |
| 9 | പദ്ധതി അവലോകനം<br>Written By: T.K.Naseer (Audit Officer, On 19-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-01-2022) | 1-5 |
| 10 | പദ്ധതി അവലോകനം-മോണിട്ടറിങ് കാര്യക്ഷമമാക്കണം<br>Written By: T.K.Naseer (Audit Officer, On 19-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-01-2022) | 1-5-1 |
| 11 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.K.Naseer (Audit Officer, On 19-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-01-2022) | 1-6 |
| 12 | തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: T.K.Naseer (Audit Officer, On 29-12-2021)<br>Last Updated By: N Satheesan (Deputy Director, On 25-01-2022) | 1-6-1 |
| 13 | ക്ഷേമ പെൻഷൻ<br>Written By: A. Sujatha (Asst. Audit Officer, On 19-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-01-2022) | 1-7 |
| 14 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Lixy Alex (Auditor, On 19-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-01-2022) | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം<br>Written By: T.K.Naseer (Audit Officer, On 19-12-2021) | 1-9 |

| | | |
|---|---|---|
| | Last Updated By: Haseena KU (Computer Assistant, On 24-01-2022) | |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയത് സംബന്ധിച്ച് വിവരം<br>Written By: T.K.Naseer (Audit Officer, On 19-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-01-2022) | 1-10 |
| 17 | തൊഴിൽനികുതി രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: Lixy Alex (Auditor, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-01-2022) | 1-11 |
| 18 | തൊഴിൽനികുതി കുറവായി ഈടാക്കിയത് സംബന്ധിച്ച്<br>Written By: Lixy Alex (Auditor, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-01-2022) | 1-11-1 |
| 19 | റേഷൻകടകൾ,ക്ഷീരോദ്പാദകസഹകരണസംഘങ്ങൾ-സ്ഥാപനതൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-01-2022) | 1-11-2 |
| 20 | സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 30-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-01-2022) | 1-11-3 |
| 21 | കരാറുകാരുടെ തൊഴിൽനികുതി ഈടാക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 30-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-01-2022) | 1-11-4 |
| 22 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ<br>Written By: Lixy Alex (Auditor, On 30-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-01-2022) | 1-12 |
| 23 | വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കുന്നില്ല<br>Written By: Lixy Alex (Auditor, On 30-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-01-2022) | 1-12-1 |
| 24 | പഞ്ചായത്ത് പരിധിലെ റേഷൻഡിപ്പോകൾ, ക്ഷീരോദ്പാദക സഹകരണസംഘങ്ങൾ എന്നിവയുടെ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.<br>Written By: Lixy Alex (Auditor, On 30-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-01-2022) | 1-12-2 |
| 25 | അനധികൃത കെട്ടിട നിർമ്മാണങ്ങളിൽ പഞ്ചായത്ത് പരിശോധന നടത്തുന്നില്ല<br>Written By: M.S.Tharick (Senior Grade Auditor, On 30-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-01-2022) | 1-13 |
| 26 | വസ്തു നികുതി നിർണ്ണയിച്ചത് പുനപരിശോധിക്കേണ്ടതാണ്.<br>Written By: M.S.Tharick (Senior Grade Auditor, On 30-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-01-2022) | 1-13-1 |
| 27 | മൊബൈൽ ടവർ- വസ്തു നികുതി കുടിശ്ശിക 43542/- രൂപ ഈടാക്കിയിട്ടില്ല-<br>Written By: M.S.Tharick (Senior Grade Auditor, On 30-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-01-2022) | 1-13-2 |
| 28 | തെറ്റായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം<br>Written By: M.S.Tharick (Senior Grade Auditor, On 30-12-2021) | 1-14 |

| | | |
|---|---|---|
| | Last Updated By: Haseena KU (Computer Assistant, On 24-01-2022) | |
| 29 | വാർഷികകണക്കിൽ ലയബിലിറ്റിയായി രേഖപ്പെടുത്താതെ ക്രൂസിന് മുൻവർഷത്തിൽ നൽകാനുള്ള തുക അനുവദിച്ചു.<br>Written By: A. Sujatha (Asst. Audit Officer, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-01-2022) | 1-15 |
| 30 | മരാമത്ത് പ്രവർത്തി -(കോർപ്പസ് ഫണ്ട് )പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് പിഴ ഈടാക്കിയില്ല.<br>Written By: A. Sujatha (Asst. Audit Officer, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 24-01-2022) | 1-16 |
| 31 | റെക്കോഡ് റൂം സജ്ജീകരിക്കൽ-നികുതികൾ കുറവ് ചെയ്യാതെ തുക അനുവദിച്ചു<br>Written By: A. Sujatha (Asst. Audit Officer, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 1-17 |
| 32 | ദുരിതാശ്വാസ നിധി -കാര്യക്ഷമമാക്കിയിട്ടില്ല<br>Written By: A. Sujatha (Asst. Audit Officer, On 30-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 1-18 |
| 33 | അമൃതം ന്യൂട്രിമിക്സ് -ലാബ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 30-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 1-19 |
| 34 | കുടിവെള്ള പദ്ധതികൾ -പൂർത്തീകരിച്ചവ രേഖാമൂലം ഗുണഭോക്തൃ കമ്മറ്റികൾക്ക് കൈമാറിയിട്ടില്ല.<br>Written By: T.K.Naseer (Audit Officer, On 30-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 1-20 |
| 35 | വിമുക്ത ഭടൻമാരുടെ 2000 ച.മീ വരെ വിസ്തീർണ്ണമുള്ള ഭവനങ്ങൾക്ക്- ഇളവ് ലഭ്യമാകുന്നതിന് സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്<br>Written By: M.S.Tharick (Senior Grade Auditor, On 30-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 1-21 |
| 36 | പാലിന് സബ്സിഡി പ്രൊജക്റ്റ് - ലക്ഷ്യമിട്ട മുഴുവൻ കാലയളവിലും തുക വകയിരുത്തി നല്കാൻ ശ്രദ്ധിക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 30-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 1-22 |
| 37 | പാലിയേറ്റീവ് പരിചരണം - വാഹന വാടക രേഖകൾ ഹാജരാക്കിയില്ല -191600 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Lixy Alex (Auditor, On 30-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 1-23 |
| 38 | വീട് പുനരുദ്ധാരണം-ആവശ്യമായ ധനസഹായം വകയിരുത്തിയിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 30-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 1-24 |
| 39 | പ്ലാസ്റ്റിക്ക് നിർമ്മാർജ്ജന സംവിധാനം-അവലോകനം<br>Written By: M.S.Tharick (Senior Grade Auditor, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 1-25 |
| 40 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം- ബില്ലിൽ നിന്നും TDS കുറവ് ചെയ്തില്ല<br>Written By: M.S.Tharick (Senior Grade Auditor, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 1-26 |
| 41 | കെൽട്രോണിൽ നിന്നും പ്രിന്റർ ലഭ്യമായില്ല<br>Written By: M.S.Tharick (Senior Grade Auditor, On 29-12-2021) | 1-27 |

| | | |
|---|---|---|
| | Last Updated By: Haseena KU (Computer Assistant, On 25-01-2022) | |
| 42 | തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: M.S.Tharick (Senior Grade Auditor, On 30-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 1-28 |
| 43 | MGNREG-മെറ്റീരിയൽ പർച്ചേസ് -അപാകതകൾ<br>Written By: T.K.Naseer (Audit Officer, On 30-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 1-29 |
| 44 | മരാമത്ത് -പൂർത്തീകരണ സമയം ദീർഘിപ്പത് ഫൈൻ ഈടാക്കാതെ<br>Written By: T.K.Naseer (Audit Officer, On 29-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 1-30 |
| 45 | അംഗനവാടി ട്രസ്സ് വർക്ക് അധിക നിരക്ക് അനുവദിച്ചു<br>Written By: T.K.Naseer (Audit Officer, On 30-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 1-31 |
| 46 | വിവിധ കെട്ടിടങ്ങൾക്ക് പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല<br>Written By: T.K.Naseer (Audit Officer, On 30-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 1-32 |
| 47 | റോഡ് വർക്ക് -കോൺക്രീറ്റ് പ്രവർത്തികൾക്ക് മുൻഗണന പുന:പരിശോധിക്കണം<br>Written By: T.K.Naseer (Audit Officer, On 30-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 1-33 |
| 48 | തനത് ഫണ്ട് പ്രൊജക്ട് രൂപീകരണം -മാർഗ്ഗ നിർദ്ധേശങ്ങൾ പാലിച്ചായിരിക്കണം<br>Written By: T.K.Naseer (Audit Officer, On 30-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 1-34 |
| 49 | അസി.എൻജിനിയർ -പദ്ധതി അവലോകനം<br>Written By: T.K.Naseer (Audit Officer, On 30-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 1-35 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.K.Naseer (Audit Officer, On 27-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.K.Naseer (Audit Officer, On 27-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: T.K.Naseer (Audit Officer, On 27-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: T.K.Naseer (Audit Officer, On 27-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: T.K.Naseer (Audit Officer, On 27-12-2021) | 4-5 |

| | | |
|---|---|---|
| | Last Updated By: Haseena KU (Computer Assistant, On 25-01-2022) | |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: T.K.Naseer (Audit Officer, On 27-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: T.K.Naseer (Audit Officer, On 27-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: T.K.Naseer (Audit Officer, On 27-12-2021)<br>Last Updated By: T.K.Naseer (Audit Officer, On 28-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.K.Naseer (Audit Officer, On 27-12-2021)<br>Last Updated By: N Satheesan (Deputy Director, On 25-01-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: T.K.Naseer (Audit Officer, On 27-12-2021)<br>Last Updated By: Haseena KU (Computer Assistant, On 25-01-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

## ഭാഗം -1

### 1-1 ബഡ്ജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ പാലിച്ചിട്ടുണ്ട്.

20.2.2019 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 23.3.2020 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 11975916 |
| തൻവർഷം വരവ് | 187472000 |
| ആകെ വരവ് | 199447916 |
| ചെലവ് | 197346070 |
| നീക്കിയിരിപ്പ് | 2101846 |

### 1-1-1 ബജറ്റ് -യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്തത്

| ഫണ്ടിനം | വാർഷിക കണക്ക് പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 53663079 | 21084965 |
| വരവ് | 97014828 | 167154584 |
| ആകെ | 150677925 | 188239547 |
| ചെലവ് | 104692210 | 174720492 |
| നീക്കിയിരിപ്പ് | 45985715 | 13519055 |

യാഥാർത്ഥ്യബോദ്ധ്യത്തോടുകൂടിയ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 ബജറ്റ് - നോൺപ്ലാൻ എക്പെൻഡിച്ചറിന് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബജറ്റ് ഫയലും മിനിറ്റ്സുകളും പരിശോധിച്ചതിൽ ഘടക സ്ഥാപന മേധാവികളോട് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സെക്രട്ടറി രേഖാമൂലം ആവശ്യപ്പെടുകയും മെഡിക്കൽ ഓഫീസർ ഹോമിയോ, മെഡിക്കൽ ഓഫീസർ ആയുർവേദം, അസി.എഞ്ചിനീയർ, വെറ്ററിനറി സർജൻ, കൃഷി ഓഫീസർ, ഹെഡ്മാസ്റ്റർ എന്നിവർ പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ അതാതിന് കീഴിൽ വരുന്ന ഉദ്യോഗസ്ഥരിൽ നിന്നും അവരവരുടെ വിഷയവുമായി ബന്ധപ്പെട്ട് ലഭിച്ച ബജറ്റ് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ

ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 16.6.2020 | - | - |

### 1-2-1 വാർഷികകണക്ക് അപാകതകൾ

വാർഷികധനകാര്യപത്രിക പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1.)ജില്ലാ പഞ്ചായത്തിൽ നിന്നും 2018-19 വർഷത്തിൽ (21 മാർച്ച് 2019) - വൗച്ചർ നം. 118010900125 - ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള സ്കോളർഷിപ്പ് തുകയിനത്തിൽ (Contributions For Joint Venture Projects - Block Panchayat Share) ലഭിച്ച 70,000/- രൂപ തനതുഫണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

2.)centrally Sponsored Schemes-grants, Funds & Contributions For Specific Purposes-central Government എന്നയിനത്തിൽ 88,705/- രൂപ ബാലൻസ് ആയി അവശേഷിക്കുന്നുണ്ട്.(ST Corpus Fund തുക- ചൂരിയോട് Drinking Water പദ്ധതിയിൽ ചെലവ് കഴിച്ച് അവശേഷിച്ച തുക).

3.)donations To Flood ഹെഡിൽ (ജീവനക്കാരിൽനിന്നും പിരിച്ചെടുത്തത് CMDRFലേക്ക് അടവാക്കാത്തത്) 18,392/- രൂപ തനതുഫണ്ടിൽ അവശേഷിക്കുന്നുണ്ട്.

4.)grants, Funds & Contributions For Specific Purposes- Other Government Agencies എന്നയിനത്തിൽ 3,360/- രൂപ നീക്കിയിരിപ്പുണ്ട്.(23-1-2019,ൽ ലഭിച്ച വിമുക്തി ഫണ്ടിൽ ബാക്കിയായ തുക).

5.)Literacy Scheme Grant എന്നയിനത്തിൽ 8,026/- രൂപ അവശേഷിക്കുന്നുണ്ട്.

6.)B-18 ഷെഡ്യൂൾ പ്രകാരം Temporary Advance For Official Purposes എന്നയിനത്തിൽ 90,018/- രൂപ നാളിതുവരെയായി ക്രമീകരിച്ചിട്ടില്ല.

7.)B- 18 ഷെഡ്യൂളിലെ Advance To Others ഹെഡിൽ 2,20,000/- രൂപ ബാലൻസ് തുകയുണ്ട്. ആയത് ക്രമീകരിക്കേണ്ടതാണ്.

8.)വിവിധ ബാങ്ക് അക്കൗണ്ടുകളിലെ റെകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9.)RP(40) "Capital Work In Progress" ആയി 20,48,865/- രൂപയുള്ളത് ക്രമീകരിച്ചിട്ടില്ല.

മേൽ വിഷയങ്ങൾ സൂചിപ്പിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.3/17-12-2021) മറുപടിയായി അപാകതകൾ പരിഹരിക്കുന്നതാണെന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്. മേൽ അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 53663079 |
| വരവ് | 97014828 |
| ആകെ | 150677925 |
| ചെലവ് | 104692210 |
| നീക്കിയിരിപ്പ് | 45985715 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി | ചെലവ്% |
|---|---|---|---|---|---|---|
| പ്ലാൻ (ജന:) | 0 | 20406582 | 20406582 | 15477499 | 4929083 | 76% |
| പ്ലാൻ (SCP) | 0 | 9378554 | 9378554 | 3718097 | 5660457 | 40% |
| പ്ലാൻ (TSP) | 0 | 1345000 | 1345000 | 455790 | 889210 | 34% |
| CFC(BASIC) | 0 | 15536830 | 15536830 | 15158471 | 378359 | 98% |
| റോഡ്(MG) | 0 | 13296000 | 13296000 | 12630546 | 665454 | 95% |
| റോഡിതരം(MG) | 0 | 5981000 | 5981000 | 4252092 | 1728908 | 71% |

കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| ICDS | 1031238 | 2174084 | 3205322 | 783221 | 2422101 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1200000 | 240000 | 1440000 | 253547 | 1186453 |
| സമ്പൂർണ്ണ ശുചിത്വം(TSC) | 996152 | 0 | 996152 | 535000 | 461152 |

സംസ്ഥാനാവിഷ്കൃതം/മറ്റ് ഫണ്ടുകൾ

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| ലൈഫ് പദ്ധതി | 0 | 10000000 | 10000000 | 1000000 | 0 |
| ജലനിധി | 0 | 700241 | 700241 | 0 | 700241 |
| ആശ്രയ ചലഞ്ച് ഫണ്ട് | 0 | 1195283 | 1195283 | 1195283 | 0 |

### 1-4-1 സർക്കാർ ഗ്രാന്റ് - 1.42 കോടി ലാപ്സാക്കി

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി | ചെലവ്% |
|---|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 20406582 | 20406582 | 15477499 | 4929083 | 76% |
| പ്ലാൻ (SCP) | 0 | 9378554 | 9378554 | 3718097 | 5660457 | 40% |
| പ്ലാൻ (TSP) | 0 | 1345000 | 1345000 | 455790 | 889210 | 34% |
| CFC(BASIC) | 0 | 15536830 | 15536830 | 15158471 | 378359 | 98% |
| റോഡ്(MG) | 0 | 13296000 | 13296000 | 12630546 | 665454 | 95% |
| റോഡിതരം (MG) | 0 | 5981000 | 5981000 | 4252092 | 1728908 | 71% |
| ആകെ | 0 | 65943966 | 65943966 | 51692495 | 14251471 | 78% |

തൻവർഷത്തിൽ ലഭ്യമായ 6.59 കോടി സർക്കാർ ഗ്രാന്റിൽ 5.16 കോടി മാത്രമാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത്. 1.42 കോടി ചെലവഴിക്കാതെ ലാപ്സാക്കി. പൂർണ്ണ തോതിലുള്ള ഗ്രാന്റ് വിനിയോഗത്തിന് മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 402 | 143775788 | 292 | 87593796 | 0 | 110 | 73% |

## 1-5-1 പദ്ധതി അവലോകനം-മോണിട്ടറിങ് കാര്യക്ഷമമാക്കണം

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്റ്റുകൾ | നിർവ്വഹണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 0 | 2651666 | 1101194 | 42% |
| വെറ്റിനറി സർജ്ജൻ | 10 | 7 | 3 | 8525000 | 3548462 | 42% |
| MO (PHC) | 5 | 5 | 0 | 2452000 | 2295476 | 94% |
| MO (HOMEO) | 3 | 1 | 2 | 450000 | 200000 | 44% |
| MO (ISM) | 2 | 2 | 0 | 1100000 | 1100000 | 100% |
| VEO | 14 | 11 | 3 | 39206793 | 21011228 | 54% |
| ICDS | 6 | 3 | 3 | 10799000 | 7091861 | 66% |
| സെക്രട്ടറി | 25 | 17 | 8 | 8182845 | 4931343 | 60% |
| അസി.എൻജിനിയർ | 313 | 228 | 85 | 63641670 | 42610823 | 67% |
| ഹെഡ് മാസ്റ്റർ | 10 | 6 | 4 | 3045000 | 2305960 | 76% |
| DEO | 2 | 2 | 0 | 780724 | 448841 | 57% |
| അസി.സെക്രട്ടറി | 8 | 6 | 2 | 2941090 | 948608 | 32% |
| ആകെ | 402 | 292 | 110 | 143775788 | 87593796 | 61% |

തൻവർഷം അംഗീകാരം ലഭ്യമാക്കിയ സ്പിൽ ഓവർ അടക്കമുള്ള 402 പ്രോജക്റ്റിൽ 292 പ്രോജക്റ്റുകൾ നിർവ്വഹണം നടത്തി. 110 എണ്ണം സ്പിൽ ഓവർ ആയി. ആകെ അടങ്കൽ 14.37 കോടിയിൽ 8.75 കോടി ചെലവഴിക്കപ്പെട്ടു (61%). മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4592 | 2120685 | 2125277 | 2116193 | 9084 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 15871062 | 15871062 | 15871062 | |
| | 4592 | 17991747 | 17996339 | 17987255 | 9084 |

## 1-6-1 തൊഴിലുറപ്പ് പദ്ധതി അവലോകനം

| ക്രമ നം. | വിശദാംശം | |
|---|---|---|

| ക്രമ നം. | വിശദാംശം | |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4956 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 4956 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 3140 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 153047800 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 168 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 168 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം | 41 |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ) | 17991747 |
| 9 | തൻവർഷത്തെ ചെലവ് | 17987254 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1642 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1534 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 14 |
| 16 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | 41 |
| 17 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | - |

2019-20 വർഷത്തിൽ സാധനസാമഗ്രികൾ ഉൾപ്പെടുന്ന 41 പ്രവർത്തികൾ തൊഴിലുറപ്പപദ്ധതിപ്രകാരം താഴെപ്പറയും പ്രകാരം നിർവ്വഹിച്ചിട്ടുണ്ട്.

| പ്രവർത്തി | എണ്ണം |
|---|---|
| റോഡ് | 23 |
| കോഴിക്കൂട് | 0 |
| ആട്ടിൻകൂട് | 5 |
| തൊഴുത്ത് | 13 |
| കയർ ഭൂവസ്ത്രം | - |
| ആകെ | 41 |

## 1-7 ക്ഷേമ പെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 94680 | 256 |
| കർഷകതൊഴിലാളി പെൻഷൻ | 2746200 | 498 |

| | | |
|---|---|---|
| വിധവാപെൻഷൻ | 10369800 | 1788 |
| വാർദ്ധക്യകാലപെൻഷൻ | 13275300 | 2225 |
| വികലാംഗപെൻഷൻ | 2697800 | 465 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 506400 | 176 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.12.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 59,822/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്. നിലവിൽ ജീവനക്കാരുടെ തസ്തിക ഒഴിവ് നികത്തുന്നതിന്ന് ഭരണസമിതി ഇടപെടൽ അത്യാവശ്യമാണ്.
തൊഴിൽ നികുതി, ലൈസൻസ് മുതലായവയുടെ രേഖകളുടെ സൂക്ഷിപ്പ് ചട്ടങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പാക്കുവാൻ ഉന്നത ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
Government E-Marketplace (GeM) മുഖേന സാധനങ്ങൾ വാങ്ങുന്നതിനായി നാളിതുവരെയും ഗ്രാമപഞ്ചായത്തിൽ GeM രജിസ്ട്രേഷൻ എടുത്തിട്ടില്ല. GeM പോർട്ടലിൽ ലഭ്യമായ സാധനങ്ങൾ പല നിർവ്വഹണ ഉദ്യോഗസ്ഥരും വാങ്ങുന്നത് മറ്റു രീതികൾ അവലംബിച്ചാണ്. ആയത് ഒഴിവാക്കേണ്ടതാണ്.
നികുതി കുടിശ്ശിക ഈടാക്കുന്നതിനും നികുതി ചോർച്ച ഒഴിവാക്കുന്നതിനും കാര്യക്ഷമമായ ഇടപെടൽ ഭരണസമിതിയുടേയും ഉന്നത ഉദ്യോഗസ്ഥരുടേയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. റോഡ് പ്രവർത്തികളിൽ വ്യാപകമായി കോൺക്രീറ്റ് ഉൾപ്പെടുത്തി ചെയ്യുന്നത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് കാരണമായേക്കാം. സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാലിന്യ സംസ്കരണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്തിൽ ഒരുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയത് സംബന്ധിച്ച് വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7.12.2021 | 8/2021-9/2021 | 9.12.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.08.2009 | 2004 - 05 മുതൽ 2008-09 വരെ | 18.09.2009 |

## 1-11 തൊഴിൽനികുതി രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), 204(2) എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ,

ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. കോട്ടോപ്പാടം പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുവാൻ ഓഡിറ്റ് ലക്ഷ്യമിടുകയും ആയതനുസരിച്ച് ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിക്കുകയും ചെയ്തു. തനത് ഫണ്ട് വരുമാനത്തിൻെറ പ്രധാന സ്രോതസ്സായിട്ടുള്ള തൊഴിൽ നികുതി, ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ ഡിമാന്റ് ചെയ്ത് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-11-1 തൊഴിൽനികുതി കുറവായി ഈടാക്കിയത് സംബന്ധിച്ച്

കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, LRS, തിരുവിഴാംകുന്ന് എന്ന സ്ഥാപനത്തിലെ ചന്ദ്രൻ എന്നയാളുടെ 2ാം അർദ്ധവർഷവരുമാനം 53,682/- രൂപയാണ്. തൊഴിൽനികുതിയായി 450 രൂപയ്ക്ക് പകരം 300 രൂപയാണ് ടി വ്യക്തിയിൽനിന്നും ഡിമാന്റ് ചെയ്ത് ഈടാക്കിയിരിക്കുന്നത്. വ്യത്യാസം 150 രൂപ (450-300) ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം -5/20-12-2021).

### 1-11-2 റേഷൻകടകൾ,ക്ഷീരോദ്പാദകസഹകരണസംഘങ്ങൾ-സ്ഥാപനതൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിലെ റേഷൻകടകളുടെ സ്ഥാപനതൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവയും ക്ഷീരോദ്പാദക സഹകരണസംഘങ്ങളായ ആര്യമ്പാവ്, കണ്ടമംഗലം, കച്ചേരിപറമ്പ്, മലേരിയം എന്നിവയുടെ സ്ഥാപനതൊഴിൽനികുതിയും ജീവനക്കാരുടെ 1, 2 അർദ്ധവർഷതൊഴിൽനികുതിയും ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം -5/20-12-2021).

### 1-11-3 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | കോട്ടോപ്പാടം വില്ലേജ് ഓഫീസ് | 2 |
| 2 | KTDC | 1,2 |
| 3 | PNY സഭ,ആര്യമ്പാവ് | 2 |
| 4 | കോട്ടോപ്പാടം ബ്രാഞ്ച് പോസ്റ്റ് ഓഫീസ് | 2 |

ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.5/20-12-2021).

### 1-11-4 കരാറുകാരുടെ തൊഴിൽനികുതി ഈടാക്കേണ്ടതാണ്

2019-20 ലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കരാറുകാരാണ് പഞ്ചായത്തിൽ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയിരിക്കുന്നത്.

. പി.കുഞ്ഞലവി

. കെ.ജംഷാദ്

. കെ.ബാവ

. അബ്ദുൾ സലീം.എ

. ബഷീർ.കെ

. അബ്ദുൾ റഹിമാൻ

. അബു.വി

. സൈതലവി.എം

. ജുനൈസ് അലി.എ

. അബ്ദുൾ റസാക്ക്.എ

. യു.മുഹമ്മദ് അഷ്റഫ്

. കെ.ഹസൻ

. എ.കെ.വീരാൻക്കുട്ടി

. അക്ബർ അഹമ്മദ്.എ

. സക്കീർ ഹുസൈൻ

. ഹംസ.എ

. പി.യൂസഫ്

. പി.അലവി

. അബ്ദുൾ സമദ്.എം

. അബ്ദുൾ നാസർ.എം

. എം.നിഷാദ്

. സഫ്വാൻ എം

. പ്രവീൺ.കെ.ആർ

. അവറാൻ.കെ

. റിയാസ് ബാബു

. നൗഷാദ്.കെ

. സക്കീർ ഹുസൈൻ.ടി

. ബഷീർ.കെ

. കെ.ബാവ

. എം.ജമാൽ

. അബ്ദുൾ സലീം.എ

. മുഹമ്മദ് മക്സൂദ്.കെ

· എ.കെ.വീരാൻക്കുട്ടി

പഞ്ചായത്ത് പരിധിയിൽ 2019-20 വർഷത്തിൽ (I Half &II Half )തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. അർദ്ധ വാർഷിക ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഡിമാൻറ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.5/20-12-2021).

1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ

പഞ്ചായത്തിൽ സാമ്പത്തിക വർഷത്തിൽ 273 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയോ പുതുക്കി നൽകുകയോ ചെയ്തിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെകൊടുക്കുന്നു. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-12-1 വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18 അനുസരിച്ച് വൈദ്യുതി കൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2019-2020 വർഷം പഞ്ചായത്തിൽ താഴെപ്പറയും പ്രകാരമാണ് തുകകൾ ഈടാക്കിയിരിക്കുന്നത്. ഈടാക്കേണ്ടിയിരുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിര ശക്തി(HP) | വാങ്ങിയ ഫീസ് | ചുമത്താവുന്ന പരമാവധി ഫീസ് |
|---|---|---|---|---|---|
| 14 | ഹൈദർ | പടുവിൽ സോ മിൽ | 41 | 400 | 500 |
| 158 | പി.അബ്ദുൾ ഹമീദ് | മലബാർ വുഡ് ഇൻഡസ്ട്രീസ് | 26 | 200 | 300 |
| 217 | മുഹമ്മദ് | ബാബു സോമിൽ | 35 | 200 | 400 |
| 244 | കദീജ | കദീജ ഫ്ലോർ മിൽ | 20 | 0 | 200 |

മേൽ തുകകൾ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ലൈസൻസ്

ഫീസ് ഈടാക്കുന്നതു സംബന്ധിച്ച് ഭരണസമിതി തീരുമാനം ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ കൃത്യമായ ഡാറ്റ തയ്യാറാക്കി ചട്ടപ്രകാരമുള്ള ലൈസൻസ് എടുക്കുന്നുണ്ടെന്നും പരമാവധി ഫീസ് ഈടാക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.20/21-12-2021). തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-12-2 പഞ്ചായത്ത് പരിധിലെ റേഷൻഡിപ്പോകൾ, ക്ഷീരോദ്പാദക സഹകരണസംഘങ്ങൾ എന്നിവയുടെ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ 4 ക്ഷീരോത്പാദക സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് - ആര്യമ്പാവ്, കണ്ടമംഗലം, കച്ചേരിപറമ്പ്, മലേരിയം. ടി സ്ഥാപനങ്ങളുടേയും, പഞ്ചായത്തിലെ റേഷൻ ഡിപ്പോകളുടേയും ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം – 20 /21-12-2021).

### 1-13 അനധികൃത കെട്ടിട നിർമ്മാണങ്ങളിൽ പഞ്ചായത്ത് പരിശോധന നടത്തുന്നില്ല

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, റെഗുലറൈസേഷൻ രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്വെയർ എന്നിവ പരിശോധിച്ചതിൽ 2019-20 സാമ്പത്തിക വർഷത്തിൽ 144 കെട്ടിടങ്ങൾ പെർമിറ്റില്ലാതെ നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം റെഗുലറൈസേഷൻ നടത്തിയതായി ബോധ്യപ്പെട്ടു. സെക്രട്ടറിയുടെ മുൻകൂർ അനുമതി ലഭ്യമാക്കാതെയാണ് കൂടുതൽ നിർമ്മാണങ്ങളും പഞ്ചായത്ത് പ്രദേശത്ത് നടക്കുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. സെക്രട്ടറിയുടെ മുൻകൂർ അനുമതി കൂടാതെ പഞ്ചായത്ത് പരിധിയിൽ യാതൊരു നിർമ്മാണ പ്രവർത്തികളും നടത്താൻ പാടില്ലെന്ന് കേരള പഞ്ചായത്ത് രാജ് നിയമം/ ചട്ടങ്ങൾ, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇത്തരം പെർമിറ്റ് കൂടാതെ നടക്കുന്ന അനധികൃത നിർമ്മാണങ്ങളിൽ കെട്ടിട നമ്പർ ആവശ്യമായി വരുന്നവ മാത്രമാവും [പുതിയ നിർമ്മാണങ്ങൾ] നിയമാനുസൃതം അപേക്ഷ നൽകി ക്രമവൽക്കരിക്കപ്പെടുന്നത്. 2019-20വർഷത്തിലെ വാർഷിക ധനകാര്യപത്രിക പ്രകാരം 1,70,673/ - രൂപ റഗുലറൈസേഷൻ ഫീയിനത്തിൽ വരവുണ്ട്. ഫീൽഡ് പരിശോധനകൾ നടത്തി അനുമതി കൂടാതെ പഞ്ചായത്ത് പ്രദേശത്ത് മറ്റ് നിർമ്മാണ പ്രവൃത്തികൾ നടക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോയെന്ന് ഓഡിറ്റ് അന്വേഷണം നൽകിയതിന് ( 29/19-20/27-12-2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-13-1 വസ്തു നികുതി നിർണ്ണയിച്ചത് പുനപരിശോധിക്കേണ്ടതാണ്.

സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമായ വിവരങ്ങൾ, ഓഡിറ്റ് വർഷം പൂർത്തീകരിച്ച കെട്ടിടങ്ങളുടെ പ്ലാനുകൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ശ്രീ ഹമ്മീദ് S/o രായിൻക്കുട്ടി, മുത്തനിൽ വീട്, ഭീമനാട്, സർവ്വേ നമ്പർ-64/5,6 എന്ന വ്യക്തിയുടെ പ്ലാൻ പരിശോധിച്ചതിൽ 258 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിനാണ് 30-10-2013 ൽ പെർമിറ്റ് എടുത്തിട്ടുള്ളത് (B1-5349/2013), എന്നാൽ സമയപരിധി കഴിഞ്ഞിട്ടും പെർമ്മിറ്റ് പുതുക്കാത്തതിനാലും സമയബന്ധിതമായി കെട്ടിടപണി പൂർത്തിയാക്കാത്തതിനാലും 20-02-2019 ൽ കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് അപേക്ഷ നൽകുകയും ആയത് 5-10-2019 ന് ക്രമവത്ക്കരിച്ച് നൽകിയിട്ടുണ്ട്. ടിയാൻ സമർപ്പിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റിൽ 233.3 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടമാണ് പണിതിട്ടുള്ളത്. ഇതിൽ 55.4 ച.മീ വിസ്തീർണ്ണമുള്ള ഗാർഹികാവശ്യത്തനുള്ളതാണ്. ബാക്കി 177.9 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുമുള്ളതാണ്. (233.3-55.4=177.9) പഞ്ചായത്തിൽ 100ച.മീറ്ററിന്

മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 50 രൂപയാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 177.9 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 30/- രൂപ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. (177.9*30=5337+1423=6760,രശീതി നം:119020103911, 119020103912, 119020103913, 119020103914).

ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി-177.9X50= 8895+BT+LC പ്രകാരമാണ്. മേൽപ്രകാരം വസ്തു നികുതി നിർണ്ണയിച്ചത് പുന:പരിശോധിക്കേണ്ടതാണ്. സമാനമായ രീതിയിൽ കുറവായി വസ്തു നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുണ്ടെങ്കിൽ ആയതും പരിശോധന നടത്തി ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:34/19-20/28.12.21) തുടർനടപടി സ്വീകരിച്ച് അറിയിക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-13-2 മൊബൈൽ ടവർ- വസ്തു നികുതി കുടിശ്ശിക 43542/- രൂപ ഈടാക്കിയിട്ടില്ല-

സഞ്ചയ സോഫ്റ്റ് വെയറിലുള്ള വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 14 മൊബൈൽ ടവറുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്നുണ്ട്. ടവറുകളുടെ വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന മൊബൈൽ ടവറിന്റെ ഉടമകൾ വർഷങ്ങളോളമായി നികുതി അടവാക്കാതെ കുടിശ്ശിക വരുത്തിയിട്ടുണ്ട്.

| ക്രമ നം. | വാർഡ് നം. | കെട്ടിട നമ്പർ | ടവറിന്റെ പേര് | നിർണ്ണയിച്ച വസ്തു നികുതി | കുടിശ്ശികയുടെ വിവരം | കുടിശ്ശികയുടെ വർഷം |
|---|---|---|---|---|---|---|
| 1 | 12 | 96 | M/s റിയലൻസ് കമ്മ്യൂണിക്കേഷൻ, എറണാംകുളം | 6466 | 6466 | 2018-19 മുതൽ 2019-20 വരെ |
| 2 | 16 | 677 | കല്ലടി മുഹമ്മദ്, കല്ലടി വീട്. കോട്ടോപ്പാടം | 20160 | 20160 | 2016-17 മുതൽ 2019-20 വരെ |
| 3 | 10 | 534 | മാനേജർ, (വയർലസ് ടി ടി എസ് എൽ പ്ലാസ, പാലാരിവട്ടം, കൊച്ചി | 16916 | 16916 | 2018-19 മുതൽ 2019-20 വരെ |
| ആകെ കുടിശ്ശിക | | | | 43542 | | |

വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും യഥാസമയം നികുതി ഡിമാന്റ് ചെയ്ത് കുടിശ്ശിക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 2/19-20/17-12-21 ) മറുപടി ലഭ്യമാക്കിയതിൽ ബന്ധപ്പെട്ട ഉടമകളിൽ നിന്നും ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 തെറ്റായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം

സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

തെറ്റായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം.

വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് 30 രൂപയും 100ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് 50 രൂപയുമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് 30/-രൂപ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്.

എ)

| | |
|---|---|
| കെട്ടിട നം./വാർഡ് നമ്പർ, സർവ്വേ നമ്പർ | 2/715 |
| കെട്ടിട ഉടമയുടെ പേരും വിലാസവും | അബൂട്ടി ഹാജി,താളിയിൽ<br>സെയ്തലവി,തിരുവിഴാംക്കുന്ന്<br>തങ്കച്ചൻ,തിരുവിഴാംക്കുന്ന് |
| വിസ്തീർണ്ണം | 195.9 ച. മീ.<br>സൂപ്പർ മാർക്കറ്റ് |
| നിലവിലെ നികുതി നിർണ്ണയം | 195.9*30= 5877<br>വർദ്ധനവ് (വഴിസൗകര്യം)-20%<br>ഇളവ്- 10%<br>BT- 6465<br>LC- 324<br>Total= 6789 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 195.9*50 =9795<br>വർദ്ധനവ് (വഴിസൗകര്യം)-20%<br>ഇളവ്- 10%<br>BT- 1959<br>LC- 489.75<br>Total = 12243.75 |
| നഷ്ടം | 12243.75-6789=5454.75 |

ബി)

| | |
|---|---|
| കെട്ടിട നം. -വാർഡ് നമ്പർ, സർവ്വേ നമ്പർ | 8/848 |
| കെട്ടിട ഉടമയുടെ പേരും വിലാസവും | ഇന്ദിര, എടൂർ, കോട്ടോപ്പാടം. |
| വിസ്തീർണ്ണം | 196.59 വാണിജ്യാവശ്യത്തിനുള്ള ഗോഡൗൺ |
| നിലവിലെ നികുതി നിർണ്ണയം | 196.59 *30=5898 |

| | |
|---|---|
| | വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ് - 20%<br>BT - 5898<br>LC - 295<br>Total = 6193 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 196.59 *50=9829.5<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ്- 20%<br>BT - 9829.5<br>LC - 491<br>Total = 10320.5 |
| നഷ്ടം | 10320.5-6193 =4127.5 |
| ആകെ നഷ്ടം | 5454.75+ 4127.5 =9582.25 |

ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വസ്തു നികുതി തെറ്റായി നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(30/27-12-2021) ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

നിർദ്ദേശം

വസ്തുനികുതി നിർണ്ണയം പരിശോധിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി വസ്തു നികുതി ഇനത്തിലുണ്ടായ നഷ്ടം കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വാർഷികകണക്കിൽ ലയബിലിറ്റിയായി രേഖപ്പെടുത്താതെ ക്രൂസിന് മുൻവർഷത്തിൽ നൽകാനുള്ള തുക അനുവദിച്ചു.

| | |
|---|---|
| പ്രോജക്റ്റ് നം.പേര് | 353/20 – തെരുവ് വിളക്ക് വാങ്ങൽ – ക്രൂസിന് തുക നൽകൽ |
| അടങ്കൽ | 66563(തനത് ഫണ്ട്) |
| വൗച്ചർ നം., തുക | 21900336/27.8.19, 66563/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

2015-16 വർഷത്തിൽ ക്രൂസിൽ നിന്നും തെരുവ് വിളക്കുകൾ വാങ്ങിയതിന്റെ തുക അനുവദിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കി മേൽപ്പറഞ്ഞ പ്രകാരം തുക അനുവദിച്ചിരിക്കുന്നത്. ക്രൂസിന്റെ കത്ത് നം. KREWS-10/17-18,5.5.17 പ്രകാരം 66,563/- രൂപ നൽകാൻ ബാക്കിയുണ്ടെന്ന് അവകാശപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചിരിക്കുകയാണ്. 2015-16 വർഷത്തെ ഫയൽ പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടല്ല തുക അനുവദിച്ചിരിക്കുന്നത്. പ്രസ്തുത വർഷത്തെ ഫയൽ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയില്ല. കുടിശ്ശികയായി നൽകുവാനുള്ള തുക

വാർഷികകണക്കിൽ ലയബിലിറ്റിയായി ഉൾപ്പെടുത്തിയിട്ടില്ല. വാർഷികകണക്കിൽ ലയബിലിറ്റിയായി രേഖപ്പെടുത്താത്ത തുക നൽകിയതിനും 2015-16 വർഷത്തെ തുക 2019-20 വരെ അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/24.12.21) ക്രൂസ് അധികൃതർ ബാക്കി നൽകാനുള്ള തുക പലപ്രാവശ്യം ആവശ്യപ്പെടുകയും 2015-16 മുതൽ തുക അനുവദിക്കുന്നത് വരെയുള്ള ബിൽരജിസ്റ്ററുകൾ പരിശോധിച്ചെങ്കിലും ഇത്തരത്തിൽ തുക നൽകിയതായി കാണാത്തതുകൊണ്ടാണ് ഡിമാന്റ് പ്രകാരമുള്ള തുക അനുവദിച്ചതെന്ന് മറുപടി ലഭ്യമാക്കി.

കുടിശ്ശികയായി അനുവദിക്കാനുള്ള തുകകൾ നിർബന്ധമായും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-16 മരാമത്ത് പ്രവർത്തി -(കോർപ്പസ് ഫണ്ട് )പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് പിഴ ഈടാക്കിയില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി എസ് ടി കോർപ്പസ് ഫണ്ട് വിനിയോഗിച്ചുകൊണ്ട് നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. സ.ഉ(പി)നം.13/2012/PWD തീയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ, കരാറുകാരനുമായുള്ള എഗ്രിമെന്റ് Clause 7 എന്നിവ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല എന്നും ബോധ്യപ്പെട്ടു. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി. 2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യു.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥൻറ ശുപാർശയോടെ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവ് പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന് ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ )എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവർത്തിയിൽ പിഴ ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെചേർക്കുന്നു.

| മരാമത്ത് പ്രവർത്തിയുടെ വിശദ വിവരങ്ങൾ | ഫൈൻ സംബന്ധിച്ച് | | |
|---|---|---|---|
| | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| 1)പ്രവർത്തി:ആമക്കുന്ന്(എസ്.ടി)കോളനി കുടിവെള്ള പദ്ധതി(എസ് ടി കോർപ്പസ് ഫണ്ട്) | 22651 | 0 | 22651 |

| | | | | | |
|---|---|---|---|---|---|
| | അടങ്കൽ :760000)<br>ചെലവ്:755048/-പാർട്ട്ബിൽ 247810രൂപ മുൻവർഷത്തിൽ അനുവദിച്ചു)<br>ചെക്ക് നം:859344/19-20/2.3.20<br>എം ബുക്ക്:29/18-19<br>എഗ്രിമെൻറ് :05/2017-18,19.11.18<br>കോൺട്രാക്ടർ:അഷ്റഫ്അലി(PAC-755048/-)<br>പൂർത്തീകരണ തീയ്യതി : 6മാസം (19.5.2019)<br>പൂർത്തീകരിച്ച തീയ്യതി :27.1.20(അവസാന ചെക്ക്മെഷർ)<br>പൂർത്തീകരിച്ച തീയതി 27.1.20 ആണെങ്കിലും ആയതിനുശേഷം 24.2.20 തീയതിയിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടുണ്ട്. | | | | |
| | 2)പ്രവർത്തി:കാരക്കാട് എസ് ടി കോളനി കുടിവെള്ളപദ്ധതി<br>അടങ്കൽ :760000<br>ചെലവ്:751807/-<br>( പാർട്ട് ബിൽ 287919 മുൻവർഷത്തിൽ അനുവദിച്ചു)<br>ബിൽ നം:859345/11.3.20<br>എം ബുക്ക് :33/2017-18<br>എഗ്രിമെൻറ് :06/2017-18/19.11.18<br>കോൺട്രാക്ടർ :കോൺട്രാക്ടർ :അഷ്റഫ് അലി (PAC-751807/-)<br>പൂർത്തീകരണ തീയ്യതി: 6മാസം<br>പൂർത്തീകരിച്ച തീയ്യതി :13.2.20 (അവസാന ചെക്ക് മെഷർ ) | 22554 | 0 | 22554 | |
| | 3)പ്രവർത്തി:മേക്കാളപ്പാറ എസ് ടി കോളനി കുടിവെള്ള പദ്ധതി<br>അടങ്കൽ :(500000)<br>ചെലവ് :488151/-<br>ബിൽ നം:21901136/19-20/17.3.20<br>എം ബുക്ക് :32/17-18<br>എഗ്രിമെൻറ് :4/18-19,19.11.18<br>കോൺട്രാക്ടർ :അഷ്റഫ്അലി(PAC-488151/ )<br>പൂർത്തീകരണ തീയ്യതി: 6മാസം | 14645 | 0 | 14645 | |

| | | | |
|---|---|---|---|
| പൂർത്തീകരിച്ച തീയ്യതി :13.3.20(അവസാന ചെക്ക് മെഷർ) | | | |
| ആകെ | 59850 | 0 | 59850 |

തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/21.12.21) പട്ടികവർഗ്ഗ കോളനികളിലേക്കുള്ള വഴികൾ ദുർഘടമായതിനാലും വാഹനങ്ങൾക്ക് എത്തിപ്പെടാൻ പ്രയാസമുള്ളതിനാലും കൂടാതെ 2018, 2019 വർഷങ്ങളിലുണ്ടായ കനത്ത മഴയും ഉരുൾപൊട്ടലും കാരണം കിണറുകളുടെ പണി യഥാസമയത്ത് നിർവ്വഹിക്കാൻ കഴിയാത്തതും പാറമടകൾ പ്രവർത്തിക്കാതിരുന്നതിനാൽ മണലും മെറ്റലും ലഭ്യമാകാത്തത് കാരണമാണ് പ്രവർത്തികൾ യഥാസമയത്ത് പൂർത്തീകരിക്കുവാൻ കഴിയാതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ കരാറുകാരൻ ഇക്കാര്യങ്ങൽ ചൂണ്ടിക്കാണിച്ചുകൊണ്ട് അപേക്ഷ സമർപ്പിക്കുകയോ പ്രവർത്തി പൂർത്തീകരണത്തിന് സമയം ആവശ്യപ്പെട്ടുകയോ ചെയ്തതതിന് യാതൊരു രേഖകളും ഇല്ല. ആയതിനാൽ പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

1-17 റെക്കോഡ് റൂം സജ്ജീകരിക്കൽ-നികുതികൾ കുറവ് ചെയ്യാതെ തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്റ്റ് നം., പേര് | 405/20-പഞ്ചായത്ത് റെക്കോഡ് റൂം സജ്ജീകരിക്കൽ (തനത് ഫണ്ട് ) |
| അടങ്കൽ | 400000(തനത് ഫണ്ട് ) |
| വൗച്ചർ നം., തുക | 21901002/17.2.20, തുക - 396653/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| കോൺട്രാക്ട് | അക്രഡിറ്റഡ് എജൻസി |

2019-20 വർഷത്തിൽ റെക്കോഡ് റൂം സജ്ജീകരിക്കൽ എന്ന പ്രവർത്തി കാഡ്കോ മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇൻവോയിസ് നം. 193/19-20 പ്രകാരം സ്റ്റീൽ കാബിനറ്റുകൾ 396 -സ്ക്വയർഫീറ്റിന് 845/sqft രൂപ നിരക്കിൽ ചെയ്തതിന് തുക അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കി ബിൽ അനുവദിച്ചപ്പോൾ ഈടാക്കേണ്ട ജി എസ് ടി, ഇൻകം ടാക്സ് എന്നിവ ബില്ലിൽ നിന്നും കുറവ് ചെയ്യാതെ മുഴുവൻ തുകയും സ്ഥാപനത്തിന് അനുവദിച്ചു നൽകി. പ്രവർത്തി നിർവ്വഹിച്ചതിന്റെ ആസ്തിമൂല്യം ആസ്തിരജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്ത ഇന്റീരിയർ പ്രവർത്തിയുടെ അളവ് സാങ്കേതിക ക്ഷമതയുള്ള എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.
അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/21.12.2021 ) അക്രഡിറ്റഡ് ഏജൻസികൾ സ്വമേധയാ ഇൻകം ടാക്സ്, ജി എസ് ടി എന്നിവ അടവാക്കുമെന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം നികുതികൾ ഈടാക്കാതെ തുക അനുവദിച്ചതെന്ന് മറുപടി ലഭ്യമാക്കി.

നിർദ്ദേശങ്ങൾ

ആസ്തിമൂല്യം ആസ്തിരജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

സ്ഥാപനം റിട്ടേൺ ഫയൽ ചെയ്തതിൽ ഈ ബില്ലുകൾ ഉൾപ്പെട്ടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിവരം അറിയിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-18 ദുരിതാശ്വാസ നിധി -കാര്യക്ഷമമാക്കിയിട്ടില്ല

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമപഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന് വേണ്ടി രൂപീകരിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് (നം -5808 ASCB കോട്ടോപ്പാടം) പരിശോധിച്ചതിൽ 2019-20 ൽ മുന്നിരിപ്പ് 932 രൂപയും പലിശയിനത്തിൽ 37 രൂപയും അടക്കം 969 രൂപ വരവുണ്ട് തൻവർഷം ചെലവ് ഒന്നും നടത്തിയിട്ടില്ല. സമൂഹത്തിലെ ജനങ്ങൾക്ക് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നല്ലാതെ ധനസഹായം ലഭ്യമാകുന്നതിനുള്ള ദുരിതാശ്വാസ നിധി സജീവമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

## 1-19 അമൃതം ന്യൂട്രിമിക്സ് -ലാബ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിലുള്ള 40 അങ്കണവാടികളിലേക്ക് വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് അമൃതം ഫുഡ്സ് വാങ്ങിയ വകയിൽ 1876827.95 രൂപ ബിസ്മി സ്നേഹം അമൃതം ഫുഡ്സ് കൈമാറിയിട്ടുണ്ട്. എന്നാൽ ഭക്ഷ്യ മിശ്രിതത്തിന്റെ ഗുണമേന്മ പരിശോധിച്ചതിന്റെ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്നും സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ ഭാരത സർക്കാരിന്റെ ചെന്നൈയിലുള്ള റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. (മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുംബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്) 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ അങ്കണവാടികളുടെ ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ ഗുണമേന്മ നിശ്ചയിക്കുന്നതിനായി സാമ്പിൾ അയച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പരിശോധന റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം:7/19-20/20.12.21)

## 1-20 കുടിവെള്ള പദ്ധതികൾ -പൂർത്തീകരിച്ചവ രേഖാമൂലം ഗുണഭോക്തൃ കമ്മറ്റികൾക്ക് കൈമാറിയിട്ടില്ല.

13-ാം പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് പൂർത്തീകരിച്ച കുടിവെള്ളപദ്ധതികളുടെ പരിപാലനവും

അറ്റകുറ്റപണികളും ഗുണഭോക്തൃസമിതികൾക്ക് രേഖാമൂലം കൈമാറേണ്ടതും തുടർനടത്തിപ്പ് ചെലവ് കമ്മിറ്റികൾ വഹിക്കണമെന്നും മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ താഴെപ്പറയുന്ന നിർമ്മാണം പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിക്ക് (പരിനാലന കമ്മിറ്റികൾക്ക്) രേഖാമൂലം വിട്ടു നൽകിയിട്ടില്ല. അറ്റകുറ്റപ്പണികൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നാണ് തുക നൽകി വരുന്നത് . ഗുണഭോക്തൃസമിതികൾക്ക് വിട്ടു നൽകിയവയുടെ തുടർ നടത്തിപ്പ് ചെലവ് വഹിക്കുന്നത് മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചായിരിക്കണം. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് /പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 1)287/20 -കളത്തിൽതൊടി കോളനി കു.വെ.പ | 450000(scp) | 448526 |
| 2)288/20-കോഴിശ്ശേരി കുടിവെള്ളപദ്ധതി | 100000 (Scp) | 97877 |
| 3)393/20-കൊടക്കാട് കുടിവെള്ള പദ്ധതി | 148000(own) | 147946 |
| 4)233/20-പുളിയക്കോട്ടുകര കുടിവെള്ള പദ്ധതി | 500000 (Scp) | 488550 |

## 1-21 വിമുക്ത ഭടൻമാരുടെ 2000 ച.മീ വരെ വിസ്തീർണ്ണമുള്ള ഭവനങ്ങൾക്ക്- ഇളവ് ലഭ്യമാകുന്നതിന് സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

വസ്തുനികുതി പരിശോധനയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾക്ക് വിശദീകരണം/രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1) വിമുക്ത ഭടൻമാരുടെ 2000 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള ഭവനങ്ങൾക്ക് സ.ഉ (കൈ) നം. 106/2017 /ത.സ്വ.ഭ.വ തീയതി 26.05.2017 പ്രകാരം നികുതി ഇളവ് ലഭ്യമാകുന്നതിന് ഓരോ വർഷവും ഉത്തരവിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള മാതൃകയിൽ ഒരു സാക്ഷ്യപത്രം സെക്രട്ടറിക്ക് നൽകേണ്ടതാണ്. സഞ്ചയയിൽ ഉൾപ്പെടുത്തിയ വിവരങ്ങൾ പ്രകാരം 11 പേർക്ക് മേൽപ്പറഞ്ഞ വിഭാഗത്തിലുൾപ്പെടുത്തി നികുതി ഇളവ് നൽകിയിട്ടുണ്ട്. ഇതിൽ താഴെ പട്ടികയിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം 2000 സ്ക്വയർ ഫീറ്റ് മുകളിലാണ്. മേൽ ചൂണ്ടി കാണിച്ച ഉത്തരവിൽ ഖണ്ഡിക -2 പ്രകാരം കെട്ടിട നികുതി നിർണ്ണയിക്കുന്നതിനുള്ള തറ വിസ്തീർണ്ണം 2000 ച. അടി എന്നത് നിലനിർത്തേണ്ടതും എന്നാൽ 2000 കൂടുതലായി തറ വിസ്തീർണ്ണം വരുന്ന പക്ഷം കൂടുതലായി വരുന്ന തറ വിസ്തീർണ്ണത്തിനു മാത്രം അതാത് കാലത്ത് നിലവിലുള്ള നിയമപ്രകാരം നികുതി ഈടാക്കാവുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. 2019-20ലേക്ക് നികുതി ഇളവിനായി വിമുക്ത ഭടൻമാർ സമർപ്പിച്ച സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | വാർഡ് നമ്പർ- കെട്ടിട നം. | പേര് , മേൽവിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന്റെ വിസ്തീർണ്ണം സ്ക്വയർ ഫീറ്റ് |
|---|---|---|---|---|
| 1 | 7/490 | രാധാകൃഷ്ണൻ, കിഴക്കേകളം,കോട്ടോപ്പാടം | 193.55 | 2082 |

മേൽ ചൂണ്ടി കാണിച്ച വ്യക്തിക്ക് മേൽപ്പറഞ്ഞ വിഭാഗത്തിലുൾപ്പെടുത്തി നികുതി ഇളവ് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:30/19-20/28-12-21) മറുപടി ലഭ്യമാക്കിയതിൽ ബന്ധപ്പെട്ട ഉടമകളിൽ നിന്നും ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 പാലിന് സബ്സിഡി പ്രൊജക്റ്റ് - ലക്ഷ്യമിട്ട മുഴുവൻ കാലയളവിലും തുക വകയിരുത്തി നല്കാൻ ശ്രദ്ധിക്കേണ്ടതാണ്

ക്ഷീരകർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിയും പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന നേട്ടം കൈവരിക്കുന്നതിനുമായി തൻ വർഷത്തിൽ ഗ്രാമപഞ്ചായത്ത് പാലിന് സബ്സിഡി എന്ന പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. പഞ്ചായത്തിലുള്ള ക്ഷീരസംഘങ്ങളിൽ 2019 ഏപ്രിൽ മുതൽ പാലളക്കുന്ന എല്ലാ ക്ഷീരകർഷകർക്കും ലിറ്റർ ഒന്നിന് പരമാവധി 4 നിരക്കിൽ സബ്സിഡി നല്കുന്നതിനാണ് ഈ പ്രോജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത കാലയളവ് മുഴുവനും ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ സംഘങ്ങളുടെ കീഴിലുള്ളവർക്ക് സാമ്പത്തികവർഷം മുഴുവനുമായി ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് | സഹകരണ സംഘത്തിന്റെ പേര് | സബ്സിഡിയായി തുക നല്കിയ മാസങ്ങൾ |
|---|---|---|---|---|---|
| 212/20 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 600000 (വികസനഫണ്ട്-500000,ജില്ലാ പഞ്ചായത്ത് വിഹിതം-100000) | 268117 | കണ്ടമംഗലം കച്ചേരിപറമ്പ് | 2019ഏപ്രിൽ, മെയ്,ജൂൺ, ജൂലൈ,ആഗസ്റ്റ് 2019 ഏപ്രിൽ, മെയ്,ജൂൺ, ജൂലൈ,ആഗസ്റ്റ് |
| | | | | ആര്യമ്പാവ് | സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ |
| | | | | മലേരിയം | - |

വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണത്തിന് (25/22-12-2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതിയുടെ ലക്ഷ്യപ്രാപ്തി വിലയിരുത്തിയിട്ടില്ലെന്ന് മിനിറ്റ്സ് പരിശോധിച്ചതിൽ കണ്ടെത്തി. മോണിറ്ററിംഗ് കാര്യക്ഷമമാക്കി ഫലപ്രാപ്തി വിലയിരുത്തേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി ആസൂത്രണവും നിർവ്വഹണവും വിലയിരുത്തലും കാര്യക്ഷമമാക്കേണ്ടതാണ്. തുടർ പദ്ധതികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 പാലിയേറ്റീവ് പരിചരണം - വാഹന വാടക രേഖകൾ ഹാജരാക്കിയില്ല -191600 രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. – 1 /20 പ്രോജക്റ്റിന്റെ പേര് - പാലിയേറ്റീവ് കെയർ

നിർവ്വഹണോദ്യോഗസ്ഥൻ – എം.ഒ (പി.എച്ച്.സി) അടങ്കൽ -10,00,000/- രൂപ (പ്ലാൻ ജനറൽ)

ചെലവ് - 9,99,610/- രൂപ നിർവ്വഹണം : മെഡിക്കൽ ഓഫീസർ (PHC)

പഞ്ചായത്ത് പരിധിയിലെ പാലിയേറ്റീവ് ഹോം കെയർ പരിചരണത്തിനായി KL 50 4013 നമ്പറിലുള്ള

വാഹനം വാടകയ്ക്ക് എടുത്തതിന് മേൽ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. മേൽ പ്രസ്താവിച്ച ചെലവു തുകയിൽ 1,91,600/- രൂപ പാലിയേറ്റീവ് പരിചരണത്തിനായി വാടകയ്ക്ക് എടുത്ത വാഹനത്തിന്റെ ഡ്രൈവർക്ക് നല്കിയിട്ടുണ്ട്. ഈ തുക നല്കിയതിന്റെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ബിൽ നം./തീയ്യതി | തുക |
|---|---|
| 1/22.5.19 | 15400 |
| 2/22.6.19 | 15400 |
| 3/10.7.19 | 17600 |
| 5/13.8.19 | 17600 |
| 7/16.10.19 | 37700 |
| 8/13.11.19 | 17600 |
| 11/24.1.20 | 34100 |
| 13/15.2.20 | 17600 |
| 15/23.3.20 | 18600 |

പാലിയേറ്റീവ് പരിചരണപ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ പ്രതിദിന/പ്രതിമാസനിരക്ക് ക്വോട്ട് ചെയ്ത വാഹനം വാടകയ്ക്ക് എടുക്കേണ്ടതാണ്. ക്വട്ടേഷൻ പി.എം.സി. അംഗീകരിക്കുകയും വേണം. എന്നാൽ ടി പ്രോജക്റ്റിനായി വാടകയ്ക്ക് വാഹനം ഏറ്റെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് സൂചിപ്പിച്ച കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/23-12-2021) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ രേഖകൾ ഹാജരാക്കുന്നതുവരെ 1,91,600/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. ധനവിനിയോഗ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. പ്രോജക്റ്റ് നിർവ്വഹണത്തിലെ നടപടികൾ സർക്കാർ മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-24 വീട് പുനരുദ്ധാരണം-ആവശ്യമായ ധനസഹായം വകയിരുത്തിയിട്ടില്ല

| | | |
|---|---|---|
| പ്രോജക്റ്റ് നം. 205/19-20 | ഭവന പുനരുദ്ധാരണം | ചെലവ്-4900000- |
| നിർവ്വഹണ ഉദ്ധ്യോഗസ്ഥൻ-വി.ഇ.ഒ | അടങ്കൽ-6600000- | വൗച്ചർ നം:19210352016500698602/17-10-2019, തുക 700000/-<br>വൗച്ചർനം:19210352016501025960/101-20, തുക -262550/- |
| | | ചെക്ക് നം-3065688/1-11-2019 , തുക - 400000/-<br>ചെക്ക് നം-5567301,12-12-2019, തുക -357450/-<br>ചെക്ക് നം-55567313/22-01-20, തുക -400000/-<br>ചെക്ക് നം-5567314/29-01-20, തുക - 880000/-<br>ചെക്ക് നം 5569329/29-01-20 , |

| | | |
|---|---|---|
| | | തുക -920000/-<br>ചെക്ക് നം-5567353/29-01-20,<br>തുക -980000/- |

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.7.6 പ്രകാരം വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കുന്നതിന് ജനറൽ വിഭാഗത്തിന് പരാമവധി 1,00,000/- രൂപയും എസ് സി വിഭാഗത്തിന് 1,50,000/- അനുവദിക്കാവുന്നതാണ്. മേൽ പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിന് 20,000/- മാത്രമാണ് ഒരു ഗുണഭോക്താവിന് നൽകിയിട്ടുള്ളത്. ഇതുമൂലം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് അവരുടെ ഭവനങ്ങൾ പൂർണ്ണമായും പുനരുദ്ധാരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. സർക്കാർ നിശ്ചയിച്ച തുകയുടെ ചെറിയ ഭാഗം മാത്രമാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. അർഹതാ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഏറ്റവും യോഗ്യരായവർക്ക് ആവശ്യമായ ധനസഹായം നൽകുന്നതിനു പകരം കൂടുതൽ ഗുണഭോക്താക്കൾക്ക് ചെറിയ തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റിലുള്ള മുഴുവൻ ആളുകൾക്കും ചെറിയതുക നൽകുന്നതുവഴി എറ്റവും അർഹരായവർക്ക് ആവശ്യമായ ആനുകൂല്യം കിട്ടാതെ വരുന്നു. മതിയായ തുക വകയിരുത്തി അർഹമായതുക ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം:32/19-20/28.12.21

## 1-25 പ്ലാസ്റ്റിക്ക് നിർമ്മാർജ്ജന സംവിധാനം-അവലോകനം

സർക്കാർ ഉത്തരവ് സാധാ നം./2420/2017 ത.സ്വ.ഭ.വ. തിയ്യതി 15/07/2017 പ്രകാരമാണ് ഓരോ തദ്ദേശ സ്വയംഭരണ പ്രദേശത്തും ഹരിതകർമ്മസേന രൂപീകരിക്കേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന. ഓരോ തദ്ദേശ സ്വയംഭരണ കേന്ദ്രത്തിലെയും ഹരിത കേരളാ മിഷനും ഉപമിഷൻ കർമ്മസമിതിയും എല്ലാ വാർഡുമെമ്പർമാരും യോഗം ചേർന്ന് ഹരിതകർമ്മസേന രൂപീകരിക്കേണ്ടതും തുടർന്ന് ജനങ്ങളുടെ സമ്പൂർണ്ണ സഹകരണം ഉറപ്പു വരുത്തുന്നതിനായി ഓരോ വീട്ടിലും മാലിന്യ സംസ്കരണ പ്രവർത്തനത്തിന്റെ സന്ദേശവും മാലിന്യ സർവ്വേയുടെ വിശദാംശങ്ങളും എത്തിക്കേണ്ടതും കാര്യക്ഷമമായ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് മാലിന്യ സർവ്വെ നടത്തേണ്ടതുമാണ്. ഇതിനാവശ്യമായ പരിശീലനം ഹരിതകർമ്മസേനയ്ക്ക് ഹരിതസഹായ സ്ഥാപനം നൽകേണ്ടതും ഈ സർവ്വേയിലൂടെ ലഭിച്ച വിവരങ്ങൾ ഹരിത സഹായ സ്ഥാപനത്തിന്റെ വിദഗ്ധർ ക്രോഡീകരിച്ച് ശില്പശാലയിൽ അവതരിപ്പിക്കേണ്ടതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതിയുടെ അംഗീകാരം ലഭിച്ചശേഷം മാലിന്യ സംസ്കരണ പരിപാടി ആരംഭിക്കാവുന്നതാണ്.

മേൽ ഉത്തരവ് പ്രകാരം കോട്ടോപ്പാടം പഞ്ചായത്തിൽ നവംമ്പർ/2017 ൽ തീരുമാനം (3) പ്രകാരം രൂപീകരിച്ചിട്ടുണ്ടെങ്കിലും 2019 ലാണ് ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിലേക്ക് പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിക്കുന്നതിനായി ഓരോ വീടുകളിൽ നിന്നും പ്രതിമാസം 30/- രൂപ നിരക്കിലും, വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും 50/- രൂപ നിരക്കിലും നിശ്ചിത മാതൃകയിലുള്ള രസീതി മുഖേന ഫീസ് ഈടാക്കുന്നുണ്ട്. ഹരിതകർമ്മ സേനയുടെ പ്രസിഡണ്ടിന്റെയും സെക്രട്ടറിയുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ കനറാ ബാങ്ക്, തിരുവിഴാംകുന്ന്) ഒടുക്ക് വരുത്തുന്നുണ്ട്.

നിലവിൽ 44 അംഗങ്ങളാണ് ഹരിത കർമ്മ സേനയിൽ പ്രവർത്തിക്കുന്നത്. ആദ്യത്തെ വർഷം ഹരിത

കർമ്മ സേനക്ക് വേണ്ടനിർദ്ദേശങ്ങൾ കുടുംബശ്രീയിലെ ബ്ലോക്ക് കോടിനേറ്റർ മുഖേനയാണ് നടത്തിയിട്ടുള്ളത്. ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുവാനും അജൈവമാലിന്യങ്ങൾ വേർതിരിക്കുവാനും അവ സംസ്കരിക്കുവാനും സേനാംഗങ്ങൾക്ക് ക്ലാസ്സുകൾ കുടുംബശ്രിയിലെ ബ്ലോക്ക് കോടിനേറ്റർ മുഖേന നൽകിയിട്ടുണ്ട്. ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ എല്ലാ വീടുകളിൽ നിന്നും കടകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യ ശേഖരണം നടത്തി വരുന്നുണ്ട്. അജൈവമാലിന്യങ്ങളുടെ സംഭരണത്തിനായുള്ള എം.സി.എഫ് കേന്ദ്രം അമ്പലപ്പാറയിലും തിരുവിഴാംകുന്നിലുമുള്ള വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചു കൊണ്ടുവരുന്നുണ്ട്.

അമ്പലപ്പാറയിലുള്ള എം.സി.എഫ് കേന്ദ്രത്തിൽ ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം



തിരുവിഴാംകുന്നിലുള്ള എം.സി.എഫ് കേന്ദ്രത്തിൽ ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം



പ്ലാസ്റ്റിക് മാലിന്യങ്ങൾ കൊണ്ടുപോകുന്നതിന് ക്ലീൻ കേരള മിഷനുമായി എഗ്രിമെന്റ് വെച്ചിട്ടുണ്ട്. ഹരിത കർമ്മ സേനയുടെ പ്രസിഡണ്ടിന്റെയും സെക്രട്ടറിയുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ 22-12-2021 ൽ 1,37,000/- രൂപ നീക്കിയിരിപ്പുണ്ട്. 2019-20 ൽ 23,848/- രൂപയും 2020-21 ൽ 50,656/- രൂപയും വയബിലിറ്റി ഗ്യാപ് ഫണ്ടായി ചെലവഴിച്ചിട്ടുണ്ട്.

സേനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനും സമിതിയുടേയും പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

നിർദ്ദേശം -

1)സർക്കാർ നിർദ്ദേശ പ്രകാരം അജൈവമാലിന്യങ്ങളുടെ സംഭരണത്തിനായുള്ള സ്വന്തമായ എം.സി.എഫ് കേന്ദ്രം നാളിതുവരെയായി തുടങ്ങിയിട്ടില്ല. എം.സി.എഫ് കേന്ദ്രം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഹരിത കർമ്മ സേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തുന്നുണ്ടോ എന്ന് വിലയിരുത്തുക.

3) സേനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകുക.

4) സംഭരിച്ച അജൈവമാലിന്യങ്ങൾ ക്ലീൻകേരള മിഷന് വിറ്റൊഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-26 വയോജനങ്ങൾക്ക് കട്ടിൽ വിതരണം- ബില്ലിൽ നിന്നും TDS കുറവ് ചെയ്തില്ല

| | | |
|---|---|---|
| പ്രോജക്റ്റ് നം. 27/19-20 | അടങ്കൽ-1914000- | ചെലവ്- 1653540- (തനത്) |
| വയോജനങ്ങൾക്ക് കട്ടിൽ വിതരണം | നിർവ്വഹണോദ്യോഗസ്ഥൻ - ഐ സി ഡി എസ് സൂപ്പർവൈസർ | CHEQ NO-5567373,27-03-2020 |

മേൽ പദ്ധതിക്കായി താഴെപ്പറയും പ്രകാരം തനത് ഫണ്ടിൽ നിന്നും 16,53,540/- രൂപ ചെലവഴിച്ചിട്ടുണ്ട്.

സിഡ്കോ മുഖേനയാണ് കട്ടിൽ വാങ്ങിയിട്ടുള്ളത്. താഴെപ്പറയുന്ന ബിൽ പ്രകാരം നൽകിയ തുകയിൽ നിന്നും ജി എസ് ടി ഈടാക്കാതെ മുഴുവൻ തുകയും സിഡ്കോയ്ക്ക് അനുവദിച്ചിരിക്കുന്നു.

| അക്കൗണ്ട് നമ്പർ | തുക | ഇൻവോയിസ് നം. | ഇൻവോയിസ് തുക | എണ്ണം |
|---|---|---|---|---|
| SBIN0013202, 10320682701 | 1653540 | 1) 96/30-11-2019 | 434000- | 100 |
| | | 2)96/30-11-2019 | 434000- | 100 |
| | | 3)100/3-12-2019 | 434000- | 100 |
| | | 4)115/26-12-2019 | 2,17000- | 50 |
| | | 5)138/24-01-2020 | 134540- | 31 |
| ആകെ | | | 16,53,540/- | 381 |

നികുതികൾ ഈടാക്കാതെ മുഴുവൻ തുകയും അനുവദിച്ചതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം: 6/19-20/20.12.21) മറുപടിയിൽ തുടർ വർഷങ്ങളിൽ ബിൽ തുകയിൽ നിന്നും ജി എസ് ടി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-27 കെൽട്രോണിൽ നിന്നും പ്രിന്റർ ലഭ്യമായില്ല

| | | |
|---|---|---|
| പ്രോജക്റ്റ് നം. - 400/2019-20, | അടങ്കൽ- 50000- | വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് ഇലക്ട്രിക്കൽ-ഇലക്ട്രോണിക്ക് സാധനങ്ങൾ വാങ്ങൽ |
| നിർവ്വഹണം : വെറ്ററിനറി സർജ്ജൻ | ചെലവ്-40962 ഫണ്ടിനം- തനത് | വാങ്ങുന്ന സാധനങ്ങൾ- കമ്പ്യൂട്ടർ-30786- പ്രിന്റർ-10176- |

വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങുന്നതിനായി 40,962/- രൂപ 20-12-2019 തീയതിയിൽ കെൽട്രോൺ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (A/c No-799011400003959 Sub Treasury, Vellayambalam). എന്നാൽ ഓഡിറ്റ് തീയതി വരെയും പ്രിന്റർ ലഭ്യമായിട്ടില്ല. നിലവിൽ കെൽട്രോണിൽ പ്രിന്ററിന്റെ സ്റ്റോക്ക് തീർന്നതായി Email മുഖേന അറിയിച്ചിട്ടുണ്ട്. പ്രിന്റർ സ്റ്റോക്കിലില്ലാത്ത സാഹചര്യത്തിൽ പ്രിന്ററിന്റെ വിലയായ 10,176/- രൂപ തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് തുടർ നടപടിവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം:23/19-20/21.12.21 )

1-28 തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ്നമ്പറും പേരും | 213/19-20 തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി |
| അടങ്കൽ | 3,50,000 (വികസന ഫണ്ട്- ജനറൽ) |
| ചെലവ് | ₹3,50,000 (ബിൽ നമ്പർ- 1/19-20, 17-08-2019 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതിയ്ക്കായി പാലക്കാട് ജില്ലാ പഞ്ചായത്തിലേക്ക്

കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ വിഹിതമായ ₹3,50,000 ജില്ലാ പഞ്ചായത്തിലേക്ക് കൈമാറിയിയിട്ടുണ്ട്. ഒരു നായയെ വന്ധ്യംകരിക്കുന്നതിന് 1500 രൂപയാണ് ജില്ലാ പഞ്ചായത്ത് ചെലവ് കണക്കാക്കിയിട്ടുള്ളത്. ഈ കണക്കനുസരിച്ച് ഗ്രാമപഞ്ചായത്തിലെ 233 നായ്ക്കളെയെങ്കിലും വന്ധ്യംകരിക്കേണ്ടതാണ്. തെരുവ് നായ പ്രജനന നിയന്ത്രണ പദ്ധതി (എ.ബി.സി പ്രോഗ്രാം) യ്ക്കായി പാലക്കാട് ജില്ലാ പഞ്ചായത്തിലേക്ക് തുക കൈമാറിയതിന്റെ വിനിയോഗ സാക്ഷ്യപത്രം, പ്രസ്തുത പദ്ധതിയിലൂടെ നായക്കളെ വന്ധ്യംകരിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം :24/19-20/21.12.21).

## 1-29 MGNREG-മെറ്റീരിയൽ പർച്ചേസ് -അപാകതകൾ

MGNREGS പ്രവർത്തികൾക്ക് മെറ്റീരിയൽ പർച്ചേസ് നടത്തുന്നതിന്ന് ടെൻണ്ടർ ക്ഷണിച്ച് കുറവ് നിരക്ക് രേഖപ്പെടുത്തിയ കോൺട്രാക്ടർ എം.അബ്ദുൾഹമീദ് (GSTIN NO :32ABEPH5540H1Z2) എന്നയാൾക്ക് ടെൻണ്ടർ അംഗീകരിച്ച് നൽകുകയും ആയത് പ്രകാരം എഗ്രിമെന്റ് വച്ച് മെറ്റീയിൽ താഴെപ്പറയും പ്രകാരം സപ്ലൈ ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| No | ഫയൽ നം./പേര് /വാർഡ് | മെറ്റീരിയൽ തുക | ബിൽ നം./തീയ്യതി |
|---|---|---|---|
| 1 | 563-ആശാരിക്കുളമ്പ് റോഡ് കോൺക്രീറ്റ് ( W 9) കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 50464+8707 | 31/19-20 /24.3.2019 |
| 2 | 571-കാഞ്ഞിരംകുന്ന് റോഡ് കോൺക്രീറ്റ് (W) കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 50464+8707 | 33/19-20 /24.3.2019 |
| 3 | 567-മദ്രസ്സ കുരിക്കൾ റോഡ് കോൺക്രീറ്റ് (W1 ) കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 50464+8702 | 36/19-20 /24.3.2019 |
| 4 | 565-ആലോണക്കുന്ന് റോഡ് കോൺക്രീറ്റ് (W19 ) കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 50464+8702 | 27/19-20 /24.3.2019 |
| 5 | 572-പൂവ്വക്കോട്ടുപടി റോഡ് കോൺക്രീറ്റ് (W 11) കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 50464+8702 | 26/19-20 /23.3.2019 |
| 6 | 569-മുള്ളമടക്കുന്ന് റോഡ് കോൺക്രീറ്റ് (W 21) കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 50464+8702 | 28/19-20 /24.3.2019 |
| 7 | 573- കോട്ടോപ്പാടം റോഡ് കോൺക്രീറ്റ് (W16) കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 50464+8702 | 37/19-20 /26.3.2019 |

| | | | |
|---|---|---|---|
| 8 | 566-പാറപ്പുറം മദ്രസ്സ റോഡ് കോൺക്രീറ്റ് (W18) കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 50464+8702 | 35/19-20 /26.3.2019 |
| 9 | 568-അരിയൂർ ബാങ്ക് റോഡ് കോൺക്രീറ്റ് (W 22) കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 50464+8702 | 29/19-20 /24.3.2019 |
| 10 | 564- കല്ലായിക്കുളമ്പ് റോഡ് കോൺക്രീറ്റ് (W8) കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 50464+8702 | 30/19-20 /24.3.3019 |
| 11 | 562-ലക്ഷം വീട് കോളനി റോഡ് കോൺക്രീറ്റ് (W12) കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 50464+8702 | 32/19-20 /24.3.2019 |
| 12 | 570-പുറ്റാനിക്കാട് റോഡ് കോൺക്രീറ്റ് (W6) കോൺട്രാക്ടർ -എം.അബ്ദുൾ ഹമീദ് | 50464+8702 | 34/19-20 /25.3.2019 |
| | ആകെ | 605568 +GST68424 | |

മേൽ പ്രകാരം സമർപ്പിച്ച ബില്ലുകൾ പരിശോധിച്ചതിൽ അവ E -WAY BILL അല്ല സമർപ്പിക്കപ്പെട്ടിട്ടുള്ളത്. മാന്വൽ ആയി തയ്യാറാക്കിയ ബില്ലുകൾ മാത്രമാണ്. GST ക്ലെയിം ചെയ്ത കോൺട്രാക്ടർ ആയത് റിട്ടേൺ സമർപ്പിച്ച് അടവാക്കിയത് സംബന്ധിച്ച രേഖകൾ കോൺട്രാക്ടറിൽ നിന്ന് ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം: 28/19-20/24.12.21)

1-30 മരാമത്ത് -പൂർത്തീകരണ സമയം ദീർഘിപ്പിച്ചത് ഫൈൻ ഈടാക്കാതെ

അസി.എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തീയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ, കരാറുകാരനുമായുള്ള എഗ്രിമെന്റ് Clause 7 എന്നിവ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി എന്നും ബോധ്യപ്പെട്ടു. ഈ പ്രവൃത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. കൂടാതെ നിയമപ്രകാരം നൽകാവുന്നതിനേക്കാൾ കൂടുതൽ കാലാവധി ആദ്യ തവണ നീട്ടി നൽകിയിട്ടുമുണ്ട്. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി. 2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യൂ.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥൻറ ശുപാർശയോടെ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തോടെ

ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന് ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ )എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവർത്തിയിൽ പിഴ ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെചേർക്കുന്നു. തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| മരാമത്ത് പ്രവർത്തിയുടെ വിശദ വിവരങ്ങൾ | ഫൈൻ സംബന്ധിച്ച് | | |
|---|---|---|---|
| | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| 1)പ്രവർത്തി:340/20-തിരുവിഴാംകുന്ന് നാലുശ്ശേരി റോഡ് ടാറിങ്<br>അടങ്കൽ :(300000) ചെലവ് :299235/-<br>ബിൽ നം:7/19-20/26.6.19/-<br>എം ബുക്ക് :161/17-18<br>എഗ്രിമെൻറ് :101/17-18/AE/27.2.2018<br>കോൺട്രാക്ടർ:കുഞ്ഞലവി.പി(PAC 299235 )<br>പൂർത്തീകരണ തീ: 6മാസം (26.8.2018 )<br>പൂർത്തീകരിച്ച തീ:(അവസാനചെക്ക് മെഷർ) | 8977 | 0 | 8977 |
| 2)പ്രവർത്തി:230/20-അരിയൂർGLPSഅറ്റകുറ്റപ്പണി<br>അടങ്കൽ:300000 ചെലവ് :299595/-<br>ബിൽ നം:1/19-20/26.4.19/-<br>എം ബുക്ക് :27/17-18<br>എഗ്രിമെൻറ് :51/18-19/AE/16.8.2018<br>കോൺട്രാക്ടർ :ഹസ്സൻ (PAC299595 )<br>പൂർത്തീകരണ തീയ്യതി: 6മാസം (16.2.2019 )<br>പൂർത്തീകരിച്ചതീ:30.4.2019(അവസാനചെക്ക് മെഷർ ) | 8987 | 0 | 8987 |
| 3)പ്രവർത്തി:248/20- പുറ്റാണിക്കാട് റോഡ് ടാറിങ്<br>അടങ്കൽ :(200000) ചെലവ്:199960/-<br>ബിൽ നം:12/19-20/26.6.19/-<br>എം ബുക്ക് :217/17-18<br>എഗ്രിമെൻറ് :66/AE/17-18/20.11.2017 | 5998 | 0 | 5998 |

| | | | |
|---|---|---|---|
| കോൺട്രാക്ടർ:സൈതലവി(PAC-199960 )<br>പൂർത്തീകരണ തീയ്യതി: 6മാസം (20.5.2018 )<br>പൂർത്തീകരിച്ച തീയ്യതി :27.3.2019(അവസാന ചെക്ക് മെഷർ ) | | | |
